(ഡി) 1977-ൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടനുസരിച്ചു താഴെകാണുന്ന വിധത്തിൽ കനാൽ വികസിപ്പിക്കാനാണ് പരിപാടിയിട്ടത്.

1. തിരുവനന്തപുരം—കൊല്ലം (പൂവ്വാർ കനാൽ കൊല്ലങ്കോട് വരെ നീട്ടൽ ഉൾപ്പെടെ)
2. കൊല്ലം—കൊച്ചി
3. കൊച്ചിൽ—ബെയ്പൂർ
4. ബെയ്പൂർ—മഞ്ചേശ്വരം

(ഇ) ഉണ്ട്.

(എഫ്) 145.27 കോടി രൂപ

(ജി) ഉൾനാടൻ ജലഗതാഗതം വികസിപ്പിക്കുന്ന എന്നതാണ് പ്രധാന ലക്ഷ്യം. ടൂറിസം വികസനത്തിനു വളരെ വലിയ സംഭാവന ചെയ്യാൻ പ്രസ്തുത ജലപാത ഉപകരിക്കും. കൂടുതൽ തൊഴിൻ സാദ്ധ്യതകളും പ്രസ്തുത പദ്ധതി മൂലം ഉണ്ടാകും.

ചെറുകിട ഇടത്തര പട്ടണങ്ങൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

* 349. [408] ശ്രീ. എം. വി. രാഘവൻ :
.. എ. കെ. പത്മനാഭൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
.. ടി. കെ. അബ്ദു :
,, ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ഇടത്തരം പട്ടണങ്ങളുടെആസൂത്രിത വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി അനുസരിച്ചു തെരഞ്ഞെടുക്കപ്പെടുന്ന പട്ടണങ്ങളുടെ വികസനത്തിന് പരമാവധി എത്ര തുക ചെലവ് വരുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത് ?

(ബി) 6-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയത്;

(സി) ഇതിനുവേണ്ടി കേന്ദ്ര സർക്കാർ എന്തു തുക വായ്പയായി നൽകി ;

(ഡി) സംസ്ഥാന ഗവൺമെൻറിന്റെ സഹായധനം എത്ര ;

(ഇ) 7-ാം പഞ്ചവൽസര പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) ഓരോ പട്ടണത്തിലും 100 ലക്ഷം രൂപാ വരെ ചെലവ് വരുന്ന നഗരവികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 9 പട്ടണങ്ങളാണ് ഉൾപ്പെടുത്തിയത്.

1. ഗുരുവായൂർ
2. കോട്ടയം
3. തൃശ്ശൂർ
4. കായംകുളം
5. തലശ്ശേരി
6. തിരൂർ
7. ചങ്ങനാശ്ശേരി
8. വടകര
9. മലപ്പുറം

(സി) 260.90 ലക്ഷം രൂപ

(ഡി) 260.00 ലക്ഷം രൂപ

(ഇ) 7-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്താൻ താഴെ പറ പട്ടണങ്ങളുടെ പ്രോജക്ട് റിപ്പോർട്ട് അയച്ചുകൊടുത്തിട്ടുണ്ട്.

1. മൂവാറ്റുപുഴ
2. പാലക്കാട്
3. തൊടുപുഴ
4. പൊന്നാനി
5. മഞ്ചേരി
6. കോതമംഗലം
7. ആലുവ
8. പറവൂർ
9. പെരുമ്പാവൂർ

പഞ്ചായത്തുകളിൽ ശുദ്ധജല വിതരണ പദ്ധതി

* 350. (409) ശ്രീ. സി. കെ. തങ്കപ്പൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. വി. ജെ. തങ്കപ്പൻ :
,, വി. കേശവൻ :
,, സി. പി. മൂസ്സാൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പ്രശ്ന പഞ്ചായത്തുകളിലും ശുദ്ധ ജലം എത്തിച്ചുകൊടുക്കുന്ന പദ്ധതി അനുസരിച്ച് ; ഇതിനകം എത്ര പഞ്ചായത്തുകളിൽ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) അവശേഷിക്കുന്ന പഞ്ചായത്തുകളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ;

(സി) ഡച്ച് ഗവൺമെൻറിന്റെ സഹായത്തോടു കൂടി ഏതെല്ലാം പഞ്ചായത്തുകളിൽ 1985-86 ൽ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ) സംസ്ഥാനത്തെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രസ്തുത ഗ്രാമങ്ങളായി തരം തിരിച്ചാണ് നടപ്പിലാക്കി വരുന്നത്. അപ്രകാരം തരം തിരിച്ചുള്ള 1164 പ്രസ്ന ഗ്രാമങ്ങളിൽ 6 ഗ്രാമങ്ങളിൽ പൂർണ്ണമായും 1146 പ്രസ്നഗ്രാമങ്ങളിൽ ഭാഗികമായും ശുദ്ധജലവിതരണം എത്തിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly